## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 187          26.03.2013 ൽ മറുപടിയ്ക്ക്

### മോട്ടോർ വാഹന റവന്യൂ സമാഹരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്: | ശ്രീ.ആര്യാടൻ മുഹമ്മദ് |
| ശ്രീ.റ്റി.എൻ.പ്രതാപൻ: | (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| ശ്രീ.അൻവർ സാദത്ത്: | |
| ശ്രീ.എം.പി.വിൻസെന്റ്: | |

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന റവന്യൂ സമാഹരണം വർദ്ധിപ്പിക്കുന്നതിന് എൻഫോഴ്സ്മെന്റ് വിംഗുകളെ ശക്തിപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. സംസ്ഥാനത്ത് അപകടങ്ങൾ കുറയ്ക്കുന്നതിനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പിൽ നിലവിലുണ്ടായിരുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കുപുറമേ പുതിയ 17 സ്ക്വാഡുകൾ കൂടി അനുവദിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ട് . കൂടാതെ 22.02.13 ലെ സർക്കാർ ഉത്തരവു പ്രകാരം 55 എം.വി.ഐമാരുടെ തസ്തികകൾ പുതിയതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | | മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടികൾ കൈക്കൊള്ളുക, ദേശീയപാതകളിലേയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലേയും വാഹന പരിശോധനകൾക്ക് പ്രത്യേകമായ ഊന്നൽ നൽകി റോഡപകടങ്ങൾ പരമാവധി കുറയ്ക്കുക, വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങളുടെ ഉടമസ്ഥർക്കെതിരെ സത്വര നടപടികൾ കൈക്കൊണ്ട് സർക്കാരിന് പിരിഞ്ഞു കിട്ടേണ്ട നികുതി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | എൻഫോഴ്സ്മെന്റ് വിഭാഗം മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നു. നിലവിൽ പൊതുവെ എൻഫോഴ്സ്മെന്റ് നടപടികൾ മറ്റ് |

| | | | |
|---|---|---|---|
| | | | ഏജൻസികളുമായി സഹകരിച്ചു കൊണ്ടല്ല നടപ്പാക്കിവരുന്നത്. എന്നാൽ തിരുവനന്തപുരം ജില്ലയിലെ നഗരാതിർത്തിയിൽ സമാന്തര സർവീസുകളെ നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പും, പോലീസും, കെ.എസ്.ആർ.ടി.സിയും ചേർന്നുള്ള സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് അനധികൃത സർവ്വീസുകൾ തടയുന്നതിനുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നുണ്ട്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദീകരിക്കാമോ ? | (ഡി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മോട്ടോർ വാഹന വകുപ്പിനു കീഴിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഫീൽഡിലെ പരിശോധനയിലൂടെയും ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഓട്ടോമേറ്റഡ് ട്രാഫിക് സർവൈലൻസിലൂടെയും നിയമ ലംഘനങ്ങൾ കണ്ടെത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. ഈ നടപടികൾ റോഡു സുരക്ഷ ഉറപ്പാക്കുന്നതിന് ഒരു പരിധിവരെ സഹായിക്കുന്നുണ്ട്. നിരന്തരമായ നിരീക്ഷണ സംവിധാനങ്ങൾ നിയമ ലംഘനങ്ങൾ തടയുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും സഹായിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ